25.10.2009

സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ട്, വെട്ടുകാട്

# ജപമാലഭക്തി

## 1. ജപമാല ദൈവാനുഗ്രഹങ്ങളുടെ നീരുറവ

ജപമാല ഭക്തിയെക്കുറിച്ച് ഒരു വൈദികൻ എഴുതിയ ലേഖനം ഈയിടയ്ക്ക് വായിക്കുവാനിടയായി. അദ്ദേഹത്തിന്റെ അനുഭവത്തിൽ ഈ ഭക്താഭ്യാസത്തിലൂടെ പലർക്കും ലഭിച്ച അനുഗ്രഹങ്ങളുടെ വിവരണത്തോടുകൂടിയാണ് ആ ലേഖനം ആരംഭിക്കുന്നത്. എന്തിനും ഏതിനും അദ്ദേഹത്തെ കുറ്റപ്പെടുത്തുകയും നിശിതമായി വിമർശിക്കുകയും ചെയ്യുന്ന ചില മനുഷ്യർ അദ്ദേഹത്തിന്റെ ഇടവകയിലുണ്ടായിരുന്നു. പല വിധത്തിലും അവരെ സഹകരിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചു. വിജയിച്ചില്ല. അവസാനം അവർക്കുവേണ്ടി അദ്ദേഹം ജപമാല ചൊല്ലിക്കാഴ്ച്ചവെയ്ക്കുവാൻ തുടങ്ങി. ചുരുങ്ങിയ സമയത്തിനുള്ളിൽ അവരുമായി രമ്യപ്പെടുവാനും സ്നേഹബന്ധം സ്ഥാപിക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

അയൽക്കാരിൽ നിരന്തരം ഉപദ്രവങ്ങൾ സഹിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടിയെയും അഭിപ്രായവ്യത്യാസങ്ങൾ കാരണം എപ്പോഴും കലഹിച്ചുകൊണ്ടിരുന്ന ദമ്പതികളെയും ജപമാല ചൊല്ലാൻ അദ്ദേഹം ഉപദേശിച്ചു. ഭക്തിപൂർവ്വം ജപമാല ചൊല്ലിക്കാഴ്ചവയ്ക്കാൻ തുടങ്ങിയ ഇവർക്കെല്ലാം വളരെ വേഗം തന്നെ മനസ്സമാധാനം വീണ്ടെടുക്കാൻ സാധിച്ചു.

തന്റെ ഭർത്താവിന് ഒരു അന്യസ്ത്രീയോട് അടുപ്പമുള്ളതായി ഒരു സ്ത്രീ കണ്ടുപിടിച്ചു. ഇക്കാര്യം നേരിട്ടു പറയാൻ പോയാൽ ഭർത്താവ് ശക്തമായി പ്രതികരിക്കുമെന്ന് ആ സ്ത്രീക്ക് അറിയാമായിരുന്നു. ഒരു പക്ഷേ ആ കുടുംബം തന്നെ അതുവഴി തകരാൻ സാദ്ധ്യതയുമുണ്ടായിരുന്നു. ആ സ്ത്രീയെയും ജപമാല ചൊല്ലാൻ ഈ വൈദികർ ഉപദേശിച്ചു. അതിന്റെ ഫലമായി അത്ഭുതകരമായ ഒരു മാനസാന്തരമാണ് ആ മനുഷ്യനിൽ സംഭവിച്ചത്. അയാൾ ഭാര്യയോട് തന്റെ തെറ്റുകൾ ഏറ്റുപറയുകയും പുതിയൊരു ജീവിതത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

ലൂർദ്ദ്, ഫാത്തിമാ, വേളാങ്കണ്ണി തുടങ്ങിയ മാതാവിന്റെ തീർത്ഥാടന കേന്ദ്രങ്ങളിൽ അനേകായിരങ്ങളാണ് ഓടികൂടുന്നത്. ഇവിടെയെല്ലാം ഭക്തിപൂർവ്വം ജപമാല ചൊല്ലുന്ന ധാരാളം പേരെ ഞാൻ കണ്ടിട്ടുണ്ട്. അതുവഴി തീരാരോഗങ്ങളിൽ നിന്നും അനേകർ സുഖം പ്രാപിക്കുന്നു; കുടുംബസമാധാനം വീണ്ടെടുക്കുന്നു; ദൈവമാഗ്രഹിക്കുന്ന ജീവിതാന്തസ്സ് തിരഞ്ഞെടുക്കുകയും ജീവിത പങ്കാളിയെ കണ്ടെത്തുകയും ചെയ്യുന്നു; ജീവിത പ്രശ്നങ്ങളെ അതിജീവിക്കുകയും സഭയ്ക്കും സമൂഹത്തിനും ധാരാളം നന്മകൾ ചെയ്തുകൊണ്ടു ജീവിക്കുകയും ചെയ്യുന്നു. ഭക്തിയോടെ ജപമാല ചൊല്ലുന്ന എല്ലാവർക്കും ശാരീരികമായും മാനസികമായും ആദ്ധ്യാത്മികമായും തങ്ങൾ, സ്വീകരിച്ച അനുഗ്രഹങ്ങളെക്കുറിച്ചുള്ള നിരവധി അനുഭവങ്ങൾ വിവരിക്കാനുണ്ടാവും.

## 2. ജപമാലഭക്തിയെ പ്രോത്സാഹിപ്പിക്കുന്ന മാർപ്പാപ്പാമാരും വിശുദ്ധരും

ഏകദേശം 800 കൊല്ലങ്ങൾക്കു മുമ്പ് 1206-മാണ്ട് പരിശുദ്ധ കന്യകാമറിയം വിശുദ്ധ ഡോമിനിക്കിന് പ്രത്യക്ഷപ്പെട്ട് നിർദ്ദേശിച്ചുകൊടുത്ത ഒരു ഭക്താഭ്യാസമാണ് ജപമാലഭക്തി. ആൽബിജെൻസിയൻ പാഷണ്ഡത ധാരാളം വിശ്വാസികളെ വഴിതെറ്റിച്ചുകൊണ്ടിരുന്ന ഒരവസരമായിരുന്നു അത്. ഈ പാഷണ്ഡതയ്ക്കെതിരായി ശക്തമായ രീതിയിൽ പോരാടിക്കൊണ്ടിരുന്ന വിശുദ്ധ ഡോമിനിക്കിനെ ഈ ഭക്താഭ്യാസത്തിലൂടെ മാതാവ് പഠിപ്പിച്ച ഒരു വലിയ സത്യമിതായിരുന്നു: യുക്തിവാദങ്ങളെക്കാളും ആഴമായ ദൈവശാസ്ത്ര ചിന്തകളെക്കാളും തിന്മയുടെ ശക്തികളെ അതിജീവിക്കുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം പ്രാർത്ഥനയാണ്. പാഷണ്ഡതകളിലുൾപ്പെട്ട് വഴിതെറ്റിപ്പോയ അനേകരെ ജപമാല ഭക്തിയിലൂടെ നേർവഴിയിലേയ്ക്ക് തിരിക്കുവാൻ വിശുദ്ധ ഡോമിനിക്കിനു സാധിച്ചു.

1478-മാണ്ട് സഭയെ ഭരിച്ചിരുന്ന സിക്സ്റ്റസ് നാലാമൻ മാർപ്പാപ്പാ മുതൽ ഇന്നുവരെയുള്ള മാർപ്പാപ്പാമാർ മിക്കവാറും എല്ലാവരും തന്നെ കഴിഞ്ഞ 600-ലേറെ കൊല്ലങ്ങളായി ജപമാല ഭക്തിയെ വളരെയേറെ പ്രോത്സാഹിപ്പിക്കുന്നവരാണ്. ജപമാലയുടെ മാർപ്പാപ്പ എന്നറിയപ്പെടുന്ന ലിയോപതിമൂന്നാമൻ മാർപ്പാപ്പായുടെ 23 ചാക്രിക ലേഖനങ്ങളിൽ പത്തെണ്ണവും ജപമാല ഭക്തിയെക്കുറിച്ചുള്ളതായിരുന്നു. വിശുദ്ധരായ അമ്മത്രേസ്യാ, ഫ്രാൻസിസ് സാലസ്, ലൂയി ദി മോണ്ട് ഫോർട്ട്, അൽഫോൺസ് ലിഗോരി, ഡോൺ ബോസ്കോ തുടങ്ങിയവർ ജപമാല ഭക്തി അഭ്യസിച്ചിരുന്നവർ മാത്രമല്ല ഈ ഭക്തിയുടെ പ്രാധാന്യത്തെക്കുറിച്ച് ഹൃദയ സ്പർശിയായ രീതിയിൽ മറ്റുള്ളവരെ പഠിപ്പിക്കുന്നവർ കൂടിയായിരുന്നു. സഭയുടെ ആരാധനാക്രമം കഴിഞ്ഞാൽ വിശ്വാസികളുടെ ഇടയിൽ ഇത്രയേറെ പ്രചുരപ്രചാരം സിദ്ധിച്ച മറ്റൊരു ഭക്താഭ്യാസമില്ല.

## 3. ജപമാല: രക്ഷാമാർഗ്ഗം

### *(a) ആത്മരക്ഷയാണ് ഏറ്റവും വലിയ അനുഗ്രഹം*

ജപമാല ഭക്തിയിലൂടെ ധാരാളം പേർക്ക് ലഭിക്കുന്ന നിരവധിയായ അനുഗ്രഹങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ നിങ്ങളിൽ ചിലരെങ്കിലും ഇപ്രകാരം വിചാരിക്കുന്നുണ്ടാവും: ഞാൻ എത്രമാത്രം ജപമാല ചൊല്ലുന്നു; എന്നിട്ടും എനിക്കാവശ്യമുള്ള അനുഗ്രഹങ്ങളൊന്നും കിട്ടുന്നില്ലല്ലോ. അനുഗ്രഹങ്ങളെക്കുറിച്ചുള്ള തെറ്റിദ്ധാരണകളാണ് ഇങ്ങനെ ചിന്തിക്കാൻ നമ്മിൽ പലരെയും പ്രേരിപ്പിക്കുന്നത്. ഭക്തിപൂർവ്വം ജപമാല ചൊല്ലുന്നവർക്കൊക്കെ അനുഗ്രഹങ്ങൾ ലഭിക്കുക തന്നെ ചെയ്യും. എന്നാൽ ഈ അനുഗ്രഹങ്ങൾ എപ്പോഴും നാം ആഗ്രഹിക്കുന്ന രീതിയിൽ ഭൗതിക നന്മകളായിരിക്കണമെന്നില്ല. പരിശുദ്ധ കന്യകാമറിയം ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ബർണ്ണദീത്തായെ ഭക്തിപൂർവ്വം ജപമാല ചൊല്ലാൻ പഠിപ്പിച്ചു; ബർണ്ണദീത്തായോടൊപ്പം മാതാവും ജപമാല ചൊല്ലി. എന്നാൽ ബർണ്ണദീത്തായുടെ കുടുംബത്തെ ദാരിദ്ര്യത്തിൽ നിന്നും മാതാവ് മോചിപ്പിച്ചില്ല; ജീവിതകാലം മുഴുവനും കഠിനമായ വേദനകളനുഭവിച്ച് ഒരു തീരാരോഗിയായി ബർണ്ണദീത്തായ്ക്കും കഴിയേണ്ടിവന്നു. എന്നാൽ ഈ ദാരിദ്ര്യത്തിനും വേദനകൾക്കും ഭൗതികസമ്പത്തും സുഖഭോഗങ്ങളുമുള്ളവർക്കു പോലും ലഭിക്കാത്ത സന്തോഷവും സമാധാനവും അനുഭവിക്കുവാൻ അവർക്ക് സാധിച്ചുവെന്നതാണ് ജപമാല ഭക്തിയിലൂടെ അവർക്ക് ലഭിച്ച അനുഗ്രഹം.

ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവു നഷ്ടമായാൽ അതുകൊണ്ട് അവന് എന്തു പ്രയോജനമെന്ന യേശുവിന്റെ ചോദ്യം നമുക്കെല്ലാം സുപരിചിതമാണല്ലോ. ആത്മരക്ഷയാണ് ദൈവത്തിൽ നിന്നും നമുക്കു ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം. രക്ഷപ്രാപിക്കണമെങ്കിൽ പ്രധാനമായും രണ്ടുകാര്യങ്ങൾ നാം ചെയ്യണമെന്ന് റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് അപ്പോസ്തലൻ നമ്മെ പഠിപ്പിക്കുന്നു: ''ആകയാൽ യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും'' (റോമ. 10, 9). യേശു കർത്താവാണെന്ന് അധരങ്ങൾ കൊണ്ട് ഏറ്റുപറയുന്നവനാണ് രക്ഷപ്രാപിക്കുന്നത്. എന്നാൽ അതിനുമുമ്പ് യേശു കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കണം. ഈ വിശ്വാസവും ഏറ്റുപറച്ചിലും കൂടാതെ രക്ഷപ്രാപിക്കുവാനോ ദൈവത്തിൽ നിന്ന് ഏതെങ്കിലും അനുഗ്രഹങ്ങൾ പ്രാപിക്കുവാനോ ആർക്കും സാധിക്കുകയില്ല.

***(b) കർത്താവായ യേശുവിലുള്ള വിശ്വാസവും ഏറ്റുപറച്ചിലും***

എന്താണ് യേശു കർത്താവാണെന്ന് വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യണമെന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്. ആഴമായ അർത്ഥമുൾക്കൊള്ളുന്ന ഒരു വാക്കാണ് 'കർത്താവ്'. റോമാക്കാർ ചക്രവർത്തിമാരെ 'കർത്താവ്' എന്നാണ് വിളിച്ചിരുന്നത്. ഗ്രീക്കുകാർ അവരുടെ ദേവന്മാരെ 'കർത്താവേ' എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. ഭയം കാരണം 'യഹോവാ' എന്ന ദൈവത്തിന്റെ പേര് ഉച്ചരിക്കുവാൻ യഹൂദന്മാർ ധൈര്യപ്പെടുമായിരുന്നില്ല. വേദപുസ്തകം വായിക്കുമ്പോൾ 'യഹോവാ' എന്നു എഴുതിയിരിക്കുന്നതിനെ ആ നാമത്തോടുള്ള ഭയബഹുമാനാദരവുകൾ കാരണം 'കർത്താവേ' എന്നാണ് അവർ വായിച്ചിരുന്നത്. ഇങ്ങനെ ചക്രവർത്തിമാരെയും ദേവന്മാരെയും സത്യദൈവമായ യഹോവായെയും സൂചിപ്പിക്കുന്ന ഒരു പദമാണ് 'കർത്താവ്'.

തിന്മയുടെ ശക്തികളെയെല്ലാം അതിജീവിച്ച് വിജയശ്രീലാളിതനായി മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റ യേശുവിനെ അപ്പസ്തലന്മാരും ശിഷ്യഗണവും 'കർത്താവേ' എന്നാണ് വിളിച്ചിരുന്നത്. യേശു സർവ്വശക്തനാണ്, രക്ഷകനാണ്, ദൈവമാണ് എന്ന ശിഷ്യന്മാരുടെ വിശ്വാസമാണ് 'കർത്താവ്' എന്ന വാക്കിൽ അന്തർഭവിച്ചിരിക്കുന്നത്. ഇന്നത്തെ നമ്മുടെ വിശ്വാസ പ്രമാണം കാലക്രമത്തിൽ രൂപംകൊണ്ട ആദിമസഭയുടെ വിശ്വാസ പ്രമാണത്തിന്റെ വിശദരൂപമാണ്. ആദിമസഭയുടെ വിശ്വാസപ്രമാണത്തിന് വെറും രണ്ടേരണ്ടു വാക്കുകൾ മാത്രമാണ് ഉണ്ടായിരുന്നത്. അതായത് ''യേശു കർത്താവാണ്''. രണ്ടു വാക്കുകളുള്ള ഈ വിശ്വാസ പ്രമാണമായിരുന്നു ആദിമസഭാംഗങ്ങൾ ഹൃദയത്തിൽ വിശ്വസിക്കുകയും അധരങ്ങൾ കൊണ്ട് ഏറ്റുപറയുകയും ചെയ്തിരുന്നത്. ഈ രണ്ടു കാര്യങ്ങളും ചെയ്യുന്നവർ രക്ഷപ്രാപിക്കുമെന്നാണ്, ദൈവത്തിന്റെ നിരവധിയായ അനുഗ്രഹങ്ങൾക്ക് അർഹരായിത്തീരുമെന്നാണ് പൗലോസ് അപ്പോസ്തലൻ റോമാക്കാർക്കുള്ള ലേഖനത്തിൽ നമ്മെ പഠിപ്പിക്കുന്നത്: ''യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും.''

**4. ബർത്തിമേയൂസിന്റെ വിശ്വാസവും ഏറ്റുപറച്ചിലും**

ഇന്നത്തെ സുവിശേഷത്തിലെ ബർത്തിമേയൂസ് എന്ന പിറവിക്കുരുടൻ ചെയ്യുന്നതും ഈ രണ്ടു കാര്യങ്ങളാണ്. അതിലൂടെ അയാൾ രക്ഷപ്രാപിക്കുന്നു; യേശുവിൽ നിന്ന് അനുഗ്രഹങ്ങൾ

സ്വീകരിക്കുന്നു. ജറിക്കോയിലെ തെരുവീഥികളിൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന അയാൾ യേശുവിനെ ഒരിക്കലും കണ്ടിട്ടില്ല; കാണാൻ അയാൾക്ക് കാഴ്ചയില്ലായിരുന്നല്ലോ. കാണുന്നതോ പോകട്ടെ യേശുവിന്റെ പക്കൽ വരാൻ കൂടി ഒരിക്കലും അയാൾക്ക് അവസരം കിട്ടിയിരുന്നില്ല. എങ്കിലും യേശുവിനെക്കുറിച്ച് അയാൾ ധാരാളം കേട്ടിട്ടുണ്ടായിരുന്നു. കേട്ടതെല്ലാം അയാളുടെ ഹൃദയത്തെ സ്പർശിച്ചു. യേശു ശക്തിയുള്ളവനാണെന്ന്, വാഗ്ദാനം ചെയ്തിരുന്ന രക്ഷകനാണെന്ന് അയാൾ ഹൃദയത്തിൽ വിശ്വസിച്ചു. യേശുവിന്റെ പക്കൽ വരാൻ അയാൾ അതിയായി ആഗ്രഹിച്ചിരുന്നു. അപ്പോഴാണ് പതിവില്ലാത്ത ഒരു ആരവം അയാൾ കേൾക്കുന്നത്. കാര്യമെന്താണെന്ന് അന്വേഷിച്ചപ്പോൾ നസറായനായ യേശു അതിലെ കടന്നുപോകുന്നുവെന്ന് അയാൾക്ക് മനസ്സിലായി. പിന്നെ അയാൾ പരിസരമെല്ലാം മറന്ന് ഉച്ചത്തിൽ ഇപ്രകാരം വിളിച്ചപേക്ഷിച്ചു: ''ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ'' (മാർക്ക് 10, 47). ജനക്കൂട്ടം അയാളെ ശകാരിച്ചപ്പോൾ അയാൾ ഒന്നുകൂടി ഉച്ചത്തിൽ നിലവിളിച്ചപേക്ഷിക്കുയാണ് ചെയ്തത്. ''ദാവീദിന്റെ പുത്രനായ യേശുവേ'' എന്നു പറഞ്ഞ് നിലവിളിച്ചപ്പോൾ അയാൾ യേശു വരുവാനിരിക്കുന്ന രക്ഷകനാണെന്ന തന്റെ വിശ്വാസം, യേശു കർത്താവാണെന്ന സത്യം തന്റെ അധരങ്ങൾകൊണ്ട് ഏറ്റുപറയുകയായിരുന്നു. ഇങ്ങനെ യേശു കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും അധരങ്ങൾകൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നവന്റെ പ്രാർത്ഥന യേശുവിനു കേൾക്കാതിരിക്കാൻ സാധിക്കുമായിരുന്നില്ല. യേശു അവനെ തന്റെ പക്കലേക്കു വിളിച്ച് എന്തുവേണമെന്ന് ചോദിച്ചു. അവൻ ആഗ്രഹിച്ച കാഴ്ചശക്തി അവനു നല്കി അവനെ അനുഗ്രഹിക്കുകയും ചെയ്തു. അനുഗ്രഹങ്ങൾ കിട്ടിക്കഴിഞ്ഞാൽ പിന്നെ അനുഗ്രഹദാതാവായ ദൈവത്തെ മറന്നുകളയാത്ത ഒരു സ്വഭാവത്തിന്റെ ഉടമയായിരുന്നു ബർത്തിമേയൂസ്. യേശുവിനോടുള്ള നന്ദിസൂചകമായി അവൻ ആ നിമിഷം മുതൽ യേശുവിനെ അനുഗമിച്ചുവെന്നാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് അന്നുമുതൽ ബർത്തിമേയൂസിന്റെ ജീവിതം യേശു കർത്താവാണെന്ന തന്റെ വിശ്വാസം അനേകായിരങ്ങളുടെ മുമ്പിൽ ഏറ്റുപറയുന്നതായിരുന്നു.

## 5. ജപമാല ഭക്തിയിലൂടെയുള്ള വിശ്വാസവും ഏറ്റുപറച്ചിലും

രക്ഷപ്രാപിക്കുവാൻ, അനുഗ്രഹങ്ങൾ നേടുവാൻ ആവശ്യമായ ഈ രണ്ടു ഘടകങ്ങളും - അതായത് ഹൃദയത്തിലുള്ള വിശ്വാസവും അധരങ്ങൾ കൊണ്ടുള്ള ഏറ്റുപറച്ചിലും- ഉൾക്കൊള്ളുന്നതാണ് ജപമാലഭക്തി. ഒന്നാമതായി യേശുവിന്റെ ജീവിത രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനത്തിലൂടെ യേശു കർത്താവാണെന്ന വിശ്വാസം ആഴമാക്കാൻ നമ്മെ സഹായിക്കുന്ന ഒരു പ്രാർത്ഥനയാണ് ജപമാല. സന്തോഷ രഹസ്യങ്ങൾ, പ്രകാശത്തിന്റെ രഹസ്യങ്ങൾ, ദുഃഖരഹസ്യങ്ങൾ, മഹിമരഹസ്യങ്ങൾ തുടങ്ങിയവയിലൂടെ ഓരോ ആഴ്ചയും യേശുവിന്റെ ജീവിത രഹസ്യങ്ങളിലൂടെ നാം കടന്നുപോകുകയും യേശു കർത്താവാണെന്ന നമ്മുടെ വിശ്വാസം ആഴമാക്കുകയും ചെയ്യുന്നു. ഇവിടെ നാം നമ്മുടെ സ്വർഗ്ഗീയമാതാവായ പരിശുദ്ധ കന്യകാമറിയത്തെ അനുകരിക്കുകയാണ്. ''മറിയമാകട്ടെ ഇതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു'' (ലൂക്കാ. 2, 19, 51) എന്നാണല്ലോ മറിയത്തെക്കുറിച്ച് സുവിശേഷത്തിൽ ആവർത്തിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്. ആഴ്ചതോറുമുള്ള ഈ ജപമാലരഹസ്യങ്ങളുടെ ധ്യാനത്തിന് സഭയുടെ ആരാധനാവത്സരവുമായി സാദൃശ്യമുണ്ട്. ആഗമനകാലം, ആണ്ടുവട്ടം, തപസ്സുകാലം, ഉയിർപ്പുകാലം എന്നിങ്ങനെ നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്ന ആരാധനാ വർഷത്തിലും ജപമാല രഹസ്യങ്ങളിലെന്നപോലെ യേശുവിന്റെ ജനനത്തെക്കുറിച്ചും, പരസ്യജീവിതത്തെക്കുറിച്ചും, പീഡാനുഭവങ്ങളെക്കുറിച്ചും, ഉയിർപ്പിനെക്കുറിച്ചുമാണല്ലോ നാം

ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത്. യേശു കർത്താവാണെന്ന വിശ്വാസം നമ്മുടെ ഹൃദയത്തിൽ ആഴമാക്കാൻ ജപമാല രഹസ്യങ്ങളെക്കുറിച്ചുള്ള ഈ ചിന്തകളും ധ്യാനങ്ങളും ഏതു സാധാരണക്കാരനേയും വളരെയേറെ സഹായിക്കുന്നു.

ധ്യാനത്തിലൂടെ ഈ വിശ്വാസം ആഴമാക്കുന്നതോടൊപ്പംതന്നെ അധരങ്ങൾകൊണ്ട് ഈ വിശ്വാസം ഏറ്റുപറയുവാൻ നമ്മെ സഹായിക്കുന്ന ഒരു പ്രാർത്ഥനകൂടിയാണ് ജപമാല. നമ്മുടെ മാതാവായ മറിയവും വിശ്വാസരഹസ്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുക മാത്രമല്ല, സഖറിയാസിന്റെ ഭവനത്തിലെത്തിയപ്പോൾ എല്ലാവരുടെയും മുമ്പിൽവച്ച് തന്റെ വിശ്വാസം പരസ്യമായി അധരങ്ങൾകൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നു: ''എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു'' (ലൂക്കാ. 1, 46-55). രക്ഷാകര രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനത്തിനു പുറമേ, യേശു തന്നെ പഠിപ്പിച്ച ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന പ്രാർത്ഥന, സുവിശേഷ വെളിച്ചത്തിൽ സഭ നമ്മെ പഠിപ്പിക്കുന്ന ''നന്മ നിറഞ്ഞമറിയമേ'' എന്ന പ്രാർത്ഥന, ത്രിത്വ സ്തുതി തുടങ്ങിയവയാണല്ലോ ജപമാലയുടെ ഉള്ളടക്കം. ആവർത്തിച്ചാവർത്തിച്ച് ഈ പ്രാർത്ഥനകൾ ഉരുവിടുന്നതിലൂടെ സുവിശേഷത്തിലെ ബർത്തിമേയൂസിനെപ്പോലെ നാമും യേശു കർത്താവാണെന്ന് അധരങ്ങൾകൊണ്ട് ഏറ്റുപറയുകയാണ് ചെയ്യുന്നത്. ജപമാല ഭക്തിയിലൂടെ ഇപ്രകാരം യേശുവിലുള്ള വിശ്വാസം അധരങ്ങൾകൊണ്ട് ഏറ്റുപറയുന്നവർ ആരുടെ മുമ്പിലും ഏതു സാഹചര്യത്തിലും യേശുവിലുള്ള വിശ്വാസം പ്രഖ്യാപിക്കുവാൻ സന്നദ്ധരായിരിക്കും. ഹൃദയത്തിലുണ്ടെന്ന് പറയുന്ന വിശ്വാസത്തിന് അധരങ്ങൾകൊണ്ട് സാക്ഷ്യം വഹിക്കാത്തവർക്ക് യഥാർത്ഥ ക്രിസ്ത്യാനികളാണെന്ന് അവകാശപ്പെടാനാവില്ല.

## 6. വിശ്വാസം വർദ്ധിപ്പിക്കുകയും ഏറ്റുപറച്ചിൽ സുഗമമാക്കുകയും ചെയ്യുന്ന ആവർത്തനം

ഒരേ പ്രാർത്ഥനകൾ തന്നെ പലവട്ടം ഉരുവിടുമ്പോഴുണ്ടാകുന്ന ആവർത്തന വിരസത ജപമാലയുടെ ഒരു കുറവായി പലരും ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ ഭക്തിപൂർവ്വം ജപമാല ചൊല്ലുന്നവർക്ക് ആവർത്തന വിരസതയല്ല ആഴമായ സ്നേഹവും സന്തോഷവുമാണ് ആവർത്തനത്തിലൂടെ അനുഭവപ്പെടുന്നത്. എത്ര പണ്ഡിതനായിരുന്നാലും പ്രാർത്ഥനയ്ക്ക് വേണ്ടത്, എങ്ങനെ പ്രാർത്ഥിക്കണമെന്നറിയാത്ത, ദൈവത്തോട് എന്തു പറയണമെന്നറിയാത്ത ഒരു കുഞ്ഞിന്റെ മനോഭാവമാണ്. അർത്ഥവത്തായ വാക്കുകളേക്കാളേറെ പ്രാർത്ഥനയ്ക്കുവേണ്ടത് സ്നേഹം നിറഞ്ഞമനോഭാവമാണ്. ഒരു പിഞ്ചു ശിശുവിന് വാക്കുകളുച്ചരിക്കാനറിയില്ല. കൂടിപ്പോയാൽ ''അമ്മേ, അമ്മേ'' എന്ന് ആവർത്തിച്ചാവർത്തിച്ച് വിളിക്കുവാനാവും. ഈ വിളിയിൽ അന്തർഭവിച്ചിരിക്കുന്ന കുഞ്ഞിന്റെ സ്നേഹവും അതിന്റെ ആവശ്യങ്ങളും അമ്മയ്ക്കു തിരിച്ചറിയാനാവുന്നു. 'അമ്മേ' എന്നുള്ള വിളികേൾക്കുമ്പോൾ മാതൃഹൃദയം സന്തോഷിക്കുന്നു. ഒരു പ്രാവശ്യം മാത്രം 'അമ്മേ' എന്നുള്ള വിളികേട്ടതുകൊണ്ട് മാതൃഹൃദയം സംതൃപ്തമാകുന്നില്ല. ആവർത്തിച്ചാവർത്തിച്ചുള്ള കുഞ്ഞിന്റെ വിളി കേൾക്കാൻ അമ്മയുടെ ഹൃദയം ദാഹിക്കുന്നു. കുഞ്ഞിന്റെ ആവശ്യങ്ങൾ തിരിച്ചറിയുന്ന അമ്മ എന്തുവേണമെങ്കിലും ആ കുഞ്ഞിനു കൊടുക്കുവാൻ തയ്യാറാകുന്നു. അങ്ങനെയാണെങ്കിൽ ഗബ്രിയേൽ മുഖ്യദൂതനോടും എലിസബത്തിനോടും ഒന്നുചേർന്നുകൊണ്ട് മറിയത്തെ പ്രകീർത്തിക്കുകയും മറിയത്തിന്റെ മാധ്യസ്ഥ്യ സഹായമപേക്ഷിക്കുകയും ചെയ്യുന്ന നമ്മുടെ ആവർത്തിച്ചാവർത്തിച്ചുള്ള പ്രാർത്ഥന ആ അമ്മയെ എത്രമാത്രം സന്തോഷിപ്പിക്കുമെന്ന് ഒന്നാലോചിച്ചു നോക്കുക. നമ്മുടെ അപേക്ഷകൾ നിരസിക്കുവാൻ ഈ അമ്മയ്ക്ക് ഒരിക്കലും സാധിക്കുകയില്ല. ജപമാല ഭക്തിയിലൂടെ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം വഴി അപേക്ഷിക്കുന്ന അനുഗ്രഹങ്ങളെല്ലാം നമുക്കു ലഭിക്കുക തന്നെ ചെയ്യും.

## 7. ജപമാല: ഇന്നത്തെ തിന്മകൾക്കും പരിഹാരമാർഗ്ഗം

1571-ാമാണ്ട് തുർക്കികൾ യൂറോപ്പിനെതിരായി ശക്തമായ ആക്രമണം അഴിച്ചുവിട്ട അവസരമായിരുന്നു. യൂറോപ്പിൽ നിന്നും ക്രിസ്തീയ വിശ്വാസം അപ്പാടെ തുടച്ചുമാറ്റുകയായിരുന്നു ഈ ആക്രമണങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. തുർക്കികളുടെ ശക്തിയറിയാവുന്ന യൂറോപ്യൻ രാജ്യങ്ങൾക്ക് ഈ ആക്രമണത്തെ എപ്രകാരം നേരിടണമെന്ന് ഒരു നിശ്ചയവുമില്ലായിരുന്നു. അന്നു സഭയെ ഭരിച്ചിരുന്ന പീയൂസ് അഞ്ചാമൻ മാർപ്പാപ്പ ഇതിനു ഒരു പരിഹാരം കാണാൻ ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്ന് ലോകമാസകലമുള്ള വിശ്വാസികളെ ആഹ്വാനം ചെയ്തു. അനേകായിരങ്ങൾ ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കുചേർന്നു. ക്രിസ്തീയ വിശ്വാസം സംരക്ഷിക്കുവാനും അതിൽ ഉറച്ചു നിൽക്കുവാനും തങ്ങളെ സഹായിക്കണമെന്ന് ഭക്തിപൂർവ്വം ജപമാല എത്തിച്ചുകൊണ്ടും, ജപമാല പ്രദക്ഷിണങ്ങളിൽ സംബന്ധിച്ചുകൊണ്ടും അവർ പ്രാർത്ഥിച്ചു. അതിന്റെ ഫലമായി 1571-ാമാണ്ട് ഒക്ടോബർ മാസം ആദ്യ ഞായറാഴ്ച ലപ്പാന്റോ എന്ന സ്ഥലത്തുവച്ച് യൂറോപ്യൻ സൈന്യം തുർക്കി നാവികസേനയെ നിശ്ശേഷം തോല്പ്പിച്ചു. ഈ വിജയത്തിന്റെ അനുസ്മരണമായി ആരംഭിച്ചതാണ് ജപമാല മാതാവിന്റെ തിരുനാളും ഒക്ടോബർമാസത്തിലെ ജപമാല ഭക്തിയും.

തുർക്കി സൈന്യത്തെക്കാൾ ഭയാനകമായ ശക്തികളാണ് ഇന്ന് നമ്മുടെ സമൂഹത്തെ നശിപ്പിക്കുവാനും ക്രിസ്തീയ വിശ്വാസത്തെ ഇല്ലായ്മചെയ്യുവാനും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പാശ്ചാത്യ നാടുകളിലെ ദേവാലയങ്ങൾ ശൂന്യമായിക്കൊണ്ടിരിക്കുന്നു; ദൈവവിളി ഏതാണ്ട് ഇല്ലാതായി തീർന്നിരിക്കുന്നു. ദൈവത്തെ അന്വേഷിക്കുന്നതിനു പകരം വളർന്നുവരുന്ന ഭൗതീക സംസ്ക്കാരത്തിന്റെ അടിമകളായി മാറുന്ന ഇവരൊക്കെ കൂടുതൽക്കൂടുതൽ ലാഭമുണ്ടാക്കുന്ന മാർഗ്ഗങ്ങളാണ് ആരാഞ്ഞുകൊണ്ടിരിക്കുന്നത്. സ്വാർത്ഥ ലാഭത്തിനായി നിക്ഷിപ്ത താല്പര്യങ്ങൾക്കായി ഏതു അനീതിക്കും അക്രമണത്തിനും അഴിമതിക്കും കൂട്ടുനില്ക്കുവാൻ ഇവർക്കു മടിയില്ല. ഭീകരപ്രവർത്തനങ്ങൾ ലോകമാസകലം വർദ്ധിച്ചു വരുന്നു. നമ്മുടെ നാട്ടിൽത്തന്നെ വീട്ടിൽ നിന്നും പുറത്തിറങ്ങിയാൽ സുഗമമായി സഞ്ചരിക്കാമെന്നോ സുരക്ഷിതമായി തിരിച്ചുവരാമെന്നോ ആർക്കും ഒരു പ്രതീക്ഷയുമില്ല. നിഷ്ക്കളങ്കരായ മനുഷ്യരാണ് പലപ്പോഴും കൂട്ടക്കുരുതിക്ക് വിധേയരാകുന്നത്. മാനസാന്തരത്തിലൂടെയല്ലാതെ നിയമങ്ങളിലൂടെയും ശിക്ഷണ നടപടികളിലൂടെയും ഭീകരപ്രവർത്തനങ്ങളെ നിയന്ത്രിക്കാനാവില്ല എന്ന വസ്തുത പലരും മനസ്സിലാക്കുന്നില്ല; മാനസാന്തരത്തിനു തയ്യാറാകുന്നവർ ചുരുക്കമാണ്. നമ്മുടെ കുടുംബങ്ങളിൽ അസമാധാനവും അസ്വസ്ഥതയും ഒന്നിനൊന്നു വർദ്ധിച്ചു വരുന്നു; നിസ്സാര കാര്യങ്ങൾ മതി ദാമ്പത്യബന്ധം തന്നെ വേർപെടുത്തുവാൻ. ഗർഭച്ഛിദ്രം ആത്മഹത്യ തുടങ്ങിയ കൊടുംപാതകങ്ങൾ ഇന്നു സാധാരണ സംഭവങ്ങളായിട്ടുണ്ട്. എന്താണ് ഇതിനൊക്കെ ഒരു പ്രതിവിധിയെന്നറിയാതെ പകച്ചു നില്ക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്.

നമുക്കു വഴികാട്ടിയായി പരിശുദ്ധ കന്യകാമറിയം നമ്മുടെ മുന്നിലുണ്ട്. ലൂർദ്ദിലും ഫാത്തിമായിലുമൊക്കെ പ്രത്യക്ഷപ്പെട്ടപ്പോൾ ഇന്നത്തെ ലോകത്തിൽ ഒന്നിനൊന്നു വർദ്ധിച്ചുവരുന്ന തിന്മകളുടെ ശക്തികളിലേക്കു തന്നെയാണ് മറിയവും നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നത്. പരിഹാരമാർഗ്ഗമായി മാതാവ് ചൂണ്ടിക്കാണിച്ചുതരുന്നത് ഭക്തിപൂർവ്വം ജപമാലചൊല്ലി പ്രാർത്ഥിക്കുവാനും പ്രായശ്ചിത്തം അനുഷ്ഠിക്കുവാനുമാണ്. ഭക്തിപൂർവ്വം ജപമാല ചൊല്ലിക്കൊണ്ട് എത്രവലിയ തിന്മയുടെ ശക്തികളെയും അതിജീവിച്ച കർത്താവാണ് യേശുവെന്ന നമ്മുടെ

ഹൃദയത്തിലുള്ള വിശ്വാസം അധരങ്ങൾകൊണ്ട് ഏറ്റുപറയാം. ജപമാല ഭക്തിയിലൂടെ ഒരിക്കൽ തുർക്കികളുടെ ആക്രമണത്തിൽ നിന്ന് സഭയെ സംരക്ഷിച്ച ദൈവികശക്തി ഇന്നത്തെ ഭയാനകങ്ങളായ തിന്മയുടെ ശക്തികളെ ചെറുത്തു നില്ക്കാനും അതിജീവിക്കാനും നമ്മെയും സഹായിക്കും. ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ ഇതിനുവേണ്ട കൃപാവരങ്ങൾ നാമോരോരുത്തരുടേയും മേൽ വർഷിക്കുവാൻ ഈ ദിവ്യബലിയർപ്പിച്ചുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.